**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എൽ.എ.സി -എ.ഡി.എസ് 2016-17 - കല്ല്യാശേരി നിയോജക മണ്ഡലം - ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുള്ള 2 പ്രവൃത്തികൾ - ഭരണാനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്**

**സ.ഉ(സാധാ)നം.913/2017/തസ്വഭവ തിരുവനന്തപുരം, തീയതി : 28 .03.2017.**

പരാമർശം :- (1) ജി.ഒ.(സാധാ)നം. 332/12/ധന തീയതി 11/06/2012

(2) ശ്രീ. ടി. വി രാജേഷ് , എം.എൽ.എയുടെ കത്ത്

(3) 15.02.2017 ലെ തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഡിബി5-1875/സി.ഇ/തസ്വഭവ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പരാമർശം (2) പ്രകാരം കല്ല്യാശേരി നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ. ടി. വി രാജേഷ്, എം.എൽ.എ യുടെ ആസ്തിവികസന പദ്ധതിയിൽ നിന്നും താഴെ പറയുന്ന 2 പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ഭരണാനുമതിക്ക് വേണ്ടി അപേക്ഷിച്ചിരുന്നു.

| ക്രമ. നം | പ്രവൃത്തിയുടെ പേര് | ഗ്രാമപഞ്ചായത്ത് | അടങ്കൽ തുക (രൂപ) |
|---|---|---|---|
| 1 | കല്ല്യാശേരി പഞ്ചായത്ത് ഗ്രൌണ്ട് ,ചെക്കിക്കുണ്ട് | കല്ല്യാശേരി | 25 ലക്ഷം |
| 2 | മാട്ടൂൽ ഹയർ സെക്കന്ററി സ്കൂൾ ഗ്രൌണ്ട് | മാട്ടൂൽ | 18 ലക്ഷം |
| | ആകെ | | 43 ലക്ഷം |

2)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കല്ല്യാശേരി നിയോജകമണ്ഡലത്തിൽ പ്രതിനിധീകരിക്കുന്ന ശ്രീ. ടി. വി രാജേഷ്, എം.എൽ.എ യുടെ 2016-17 ലെ ആസ്തിവികസന പദ്ധതിയിൽ നിന്നും മേൽ പറഞ്ഞ 2 പ്രവർത്തികൾക്ക് ആകെ അടങ്കൽ തുകയായ 43 **ലക്ഷം രൂപ** അനുവദിച്ചു കൊണ്ട് ഉത്തരവാകുന്നു. മാട്ടൂർ ഹയർ സെക്കന്ററി സ്കൂളിൽ ഗ്രൗണ്ട് നിർമ്മാണം എന്ന പ്രവൃത്തിക്ക് സർവ്വീസ് ടാക്സ് ഇനത്തിൽ വകയിരുത്തിയിരുക്കുന്ന 98,852/- (തൊണ്ണൂറ്റി എട്ടായിരത്തി എണ്ണൂറ്റി അൻപത്തിരണ്ട്)

രൂപയും . കല്ല്യശ്ശേരി ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് സർവ്വീസ് ടാക്സ് ഇനത്തിൽ വകയിരുത്തിയിരിക്കുന്ന 13,857/-(പതിമൂവായിരത്തി എണ്ണൂറ്റി അൻപത്തി ഏഴ്) രൂപയും അനുവദനീയമല്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായും രണ്ട് പ്രവൃത്തികളിലും കൂടി Lumpsum ഇനത്തിൽ വകയിരുത്തിയിരിക്കുന്ന (51634+53609) രൂപയുടെ ചെലവ് യഥാർഥ ചെലവുകളുമായി ക്രമീകരിക്കേണ്ടതും നിലവിലുള്ള വ്യവസ്ഥകൾക്കു വിധേയമായും കൂടാതെ പരാമർശം (1) ലെ സർക്കാർ ഉത്തരവും വകുപ്പ സംബന്ധമായ നടപടിക്രമങ്ങളും ടി പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട മറ്റ് എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കേണ്ടതാണ് എന്ന നിബന്ധനയോടെ ഭരണാനുമതി നൽകുന്നു

3. ഇതു സംബന്ധിച്ച ചെലവ് '**4515-00-800-96- പ്രോജക്റ്റ്സ് അണ്ടർ എൽ.എ.സി-എ.ഡി.എസ്**' എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**എ.കെ.മോഹനകുമാർ**
**ഗവ.ജോയിന്റ് സെക്രട്ടറി.**

ശ്രീ. ടി. വി രാജേഷ്, കല്ല്യാശേരിഎം.എൽ.എ ( ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, കണ്ണൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി
സെക്രട്ടറി, കല്ല്യാശേരി ഗ്രാമ പഞ്ചായത്ത്
സെക്രട്ടറി, മാട്ടൂൽ ഗ്രാമപഞ്ചായത്ത്
ഫിനാൻസ് വകുപ്പ്(അനൗദ്യോഗിക കത്ത് നം.1073138/എൻ.സി.സി.3/2016/ധനകാര്യ തീയതി 23.3.2017)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

Forwarded/By Order
Section Officer